**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3900** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനുമായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനുമായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. **സമ്പാദ്യ സമാശ്വാസ പദ്ധതി**<br><br>മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി ആകെ 4500/- രൂപ അനുവദിക്കുന്നു.<br><br>2.**വിദ്യാതീരം പദ്ധതി**<br><br>ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സം ഗ്രാന്റ് നൽകി വരുന്നു. ഹയർ സെക്കണ്ടറി മുതൽ പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സ് വരെ പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, എ ബി എൽ സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെലോഷിപ്പ് എന്നിവയും നൽകി വരുന്നു. നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ ഐ.ഐ.ടി - എൻ.ഐ.ടി എൻട്രൻസ് പരിശീലന പരിപാടികൾ/ സിവിൽ സർവീസ് പരിശീലനം എന്നിവയ്ക്ക് അനുവദനീയമായ നിശ്ചിത തുക പരിശീലന സ്ഥാപനങ്ങളിലേക്ക് അനുവദിച്ചു വരുന്നു. |

മത്സ്യത്തൊഴിലാളികളായ അച്ഛനും അമ്മയും നഷ്ടപ്പെട്ട നിരാലംബരായ വിദ്യാർത്ഥികളെ സർക്കാർ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി പ്രകാരം ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ വരെ വർഷം തോറും അനുവദിച്ച വരുന്നു. ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനു തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച career guidance programme എല്ലാ വർഷവും നടത്തി വരുന്നു . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുട്ടികൾക്ക് പഠനോപകരണ ങ്ങൾ വിതരണം ചെയ്യുന്നു. ഇതിനെല്ലാം പുറമേ എട്ടാം ക്ലാസ് മുതൽ കുട്ടികൾക്ക് താമസിച്ച് പഠിക്കാൻ കഴിയുന്ന തരത്തിൽ 9 തീരദേശ ജില്ലകളിലായി 10 എണ്ണം GRFTHS പ്രവർത്തിച്ച വരുന്നു. അവിടെ സൗജന്യ താമസം, ഭക്ഷണം, ലാബ് ലൈബ്രറി, ജിംനേഷ്യം, പഠനയാത്രകൾ, ബുക്ക്, യൂണിഫോം എന്നിവ സൗജന്യമായി നൽകുന്നു.

3.**<u>കോളനി ഭവന പുനർനിർമ്മാണ പദ്ധതി</u>**

ഫിഷർമെൻ കോളനികളിലെ കാലപ്പഴക്കം ചെന്നതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി സംസ്ഥാനത്തെ അതിശോചനീയ അവസ്ഥയിലുള്ള 184 ഉന്നതി വീട്ടുകൾ നവീകരിക്കുന്നതിനായി 7.36 കോടി രൂപ ചെലവിൽ ഭവനം ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിച്ച നൽകുന്ന പദ്ധതി നിലവിൽ വിവിധ ജില്ലകളിൽ പുരോഗമിച്ച വരുന്നു.

**<u>4. ഭവന പുനരുദ്ധാരണം പദ്ധതി</u>**

മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണം പദ്ധതിക്കായി 31.05.2025 തീയതിയിലെ G.O.(Rt)No.364/2025/F&PD നമ്പർ ഉത്തരവ് പ്രകാരം 1000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ മത്സ്യതൊഴിലാളികൾ കൂടുതലായി താമസിക്കുന്ന ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനുവേണ്ടി പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട് .

തീരദേശ മത്സ്യഗ്രാമങ്ങളെ ശുചിത്വമുള്ള മേഖലയാക്കി മാറ്റുന്നതിനായി മത്സ്യത്തൊഴിലാളി ടോയ് ലെറ്റ് പദ്ധതി, ODF പദ്ധതി എന്നിവ നടപ്പിലാക്കിയിരുന്നു.

മത്സ്യതൊഴിലാളി ഭവനങ്ങളിലെ പഴയ വൈദ്യുതീകരണ സംവിധാനങ്ങൾ മാറ്റി ഭവനങ്ങൾ സുരക്ഷിതമാക്കുന്നതിനായി മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ റീവയറിംഗ് പദ്ധതിയും നടപ്പിലാക്കിയിരുന്നു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടുകയോ കാണാതാവുകയോ ചെയ്ത വ്യക്തികളുടെ ആശ്രിതർക്കായുള്ള ഓഖി ഹൗസിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശ മേഖലകളിൽ പാർപ്പിടം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം - I ആയി ചേർക്കുന്നു.

ഇവയ്ക്കുപുറമെ 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ തീരദേശ ജില്ലകളിലെ 9 തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളെ സംയോജിത ആധുനിക മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നതി നായി അംഗീകാരം നൽകിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന പാർപ്പിട ശുചിത്വ പദ്ധതികളുടെ വിശദാംങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സാമൂഹിക സാമ്പത്തിക സുരക്ഷയ്ക്കുമായി വിവിധ വികസന പദ്ധതികൾ കേരള, സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് സമുച്ചയം.
2. തീരദേശ വിദ്യാഭ്യാസ അടിസ്ഥാന സാകര്യ വികസന പദ്ധതികൾ
3. ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കൽ
4. തീരദേശ ആശുപത്രി വികസനം
5. മത്സ്യഹാച്ചറികൾ/മത്സ്യഫാമുകൾ നിർമ്മാണം
6. തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കൽ
7. ഫിഷ് ലാൻറിംഗ് സെൻററുകളുടെ നിർമ്മാണം
8. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം
9. മത്സ്യസംസ്കരണ യൂണിറ്റും, ഭക്ഷണശാലയും

**<u>സാഫ് മുഖേന നടപിലാക്കുന്ന പദ്ധതികൾ</u>**

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, JLG PRoject for ensuring livelihood security of

fisherwomen in Kerala, ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെണ്ടിംഗ് കിയോസ്ക്, കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി, തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്, സ്നേഹതീരം പദ്ധതി, മോഡൽ പീലിംഗ് യൂണിറ്റ്.

**പുനർഗേഹം പദ്ധതി**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത ഭവനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് 2019-20 സാമ്പത്തിക വർഷം 2450 കോടി അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതിക്കു സ.ഉ(സാധാ) നം.1009/2019/മ.തു.വ. തീയതി 26.12.2019 പ്രകാരം സർക്കാർ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പദ്ധതി ഈ സർക്കാരിന്റെ കാലയാളവിലും തുടർന്നു വരുന്നു.

2450 കോടി രൂപ അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ്, എന്നിവയ്ക്കു ചെലവാകുന്ന തുക കൂടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതി നായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തി നായി 4

ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സ.ഉ. (കൈ) നം. 1/2024/F&P നമ്പർ തീയതി 05.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനു ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സമിതി (ജില്ലാ തല അപ്പ്രൂവൽ കമ്മിറ്റി /ജില്ലാതല മോണിറ്ററിങ് കമ്മിറ്റി). പ്രവർത്തിക്കുന്നുണ്ട് വിഴിഞ്ഞം പുനരധിവാസത്തിനായി രൂപീകരിച്ച യൂണിറ്റാണ് പുനർഗേഹം പദ്ധതിയുടെയും പദ്ധതി നിർവഹണ യൂണിറ്റ്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആണ് പദ്ധതിയുടെ സംസ്ഥാന തല കോർഡിനേറ്റർ. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് വകുപ്പ് തലത്തിൽ ഫിഷറീസ് ഡയറക്ടർ ചെയർമാനായി വകുപ്പ് തല സ്റ്റീയറിങ് കമ്മിറ്റിയും (Department Level Steering Committee) സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന തല കമ്മിറ്റിയും (State Level Appex Committee) യഥാസമയം യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളെ സുരക്ഷിത ഭവനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2584 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറി താമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ജില്ലാ തല സമിതി കൂടി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

**<u>ഭൗതിക പുരോഗതി</u>**

പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2584 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി(20), മുട്ടത്തറ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.

ഇപ്രകാരം 3322 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ടു.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾ ക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 596 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി ലഭിച്ച 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി ലഭിച്ച (24) ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പദ്ധതി പ്രകാരമുള്ള 788 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തു ന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ ലാന്റ് & റവന്യൂ

കമ്മീഷണർ/ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

**<u>സാമ്പത്തിക പുരോഗതി</u>**

പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശ ങ്ങൾ അനുബന്ധം V ആയി ചേർക്കുന്നു.

പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 243.41 കോടി രൂപയും ഉൾപ്പെടെ 493.41 കോടി രൂപ അനുവദിക്കുകയും 449.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി പാർപ്പിട പുനരധിവാസ പദ്ധതിയായ പുനർഗേഹത്തിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഫ്ലാറ്റ് നിർമ്മാണപ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ(ആർ.റ്റി.) നം. 65/2019/മ.ഇ.വ. തീയതി. 29/01/2019 ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചതനുസരിച്ച് കരാറിൽ ഏർപ്പെട്ട് 20 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറി നൽകിയിട്ടുണ്ട്.
2. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ജി.ഒ(ആർ.റ്റി) നം. 877/2022/മ.ഇ.വ. തീയതി. 26/12/2022 ഉത്തരവ് പ്രകാരം 81.00 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് 332 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്.
3. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 ഫ്ലാറ്റുകൾ അടങ്ങുന്ന കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവൃത്തിയ്ക്ക് ജി.ഒ(ആർ.റ്റി) നം. 65/2019/മ.ഇ.വ. തീയതി. 29/01/2019 പ്രകാരം ഭരണാനുമതി ലഭിച്ചതനുസരിച്ച് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ച് കൈമാറി നൽകിയിട്ടുണ്ട്.
4. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 100 യൂണിറ്റുകളുള്ള കെട്ടിട സമുച്ചയ

നിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിയ്ക്ക് സ.ഉ.(സാധ) 657/2022/ മ. തു.വ. തീയതി. 21/10/2022 പ്രകാരം 1433 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായതനുസരിച്ച് കരാറിലേർപ്പെട്ടു. പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05/02/2025 ന് ചേർന്ന യോഗത്തിൽ നിലവിൽ 64 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും ശേഷിക്കുന്നവ ഗുണഭോക്താക്കൾ ലഭ്യമാകുന്ന മുറയ്ക്ക്, നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചാൽ മതിയാകുമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്ത തിനാൽ നിലവിലുള്ള കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ പൂർണ്ണ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനരേർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

5. മലപ്പുറം ജില്ലയിലെ ഉണ്യാലിൽ 16 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 2.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 21/10/2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 657/2022/ മ.തു.വ. പ്രകാരം ലഭ്യമായി. പ്രവൃത്തികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽപ്പെട്ട സ്ഥലത്ത് 6 ബ്ലോക്കുകളിലായി 144 ഫ്ലാറ്റുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നം. 657/2022/മ.തു.വ. തീയതി. 21/10/2022 പ്രകാരം 23.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായതനുസരിച്ച് കരാറിലേർപ്പെടുക യുണ്ടായി. സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ 5 ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ 05/02/2025 തീയതിയിൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് 2 ബ്ലോക്കുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി 2 ബ്ലോക്കുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

**<u>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി</u>**

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യ ഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ബാക്കിയുള്ള 4 യൂണിറ്റുകൾ കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളി കൾക്ക് /ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40% ആയ 48 ലക്ഷം രൂപയാണ്. (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താ ക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണശാലകളിൽ സ്വന്തം നിലയ്ക്ക് യാനങ്ങൾ നിർമിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും രണ്ട് യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി വരികയും, ഗുണഭോക്താക്കൾ തെരഞ്ഞെടു ക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണശാലയുമായി കരാറിൽ

ഏർപ്പെട്ട് യാന നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

**2. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നൽകുന്ന പദ്ധതി**

2015 ജൂലൈ മാസം മുതൽ പരമ്പരാഗത മസ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ത്തിനായുള്ള വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി ലിറ്ററിന് 25 രൂപ സബ്സിഡി എന്ന നിരക്കിൽ (ഡി.ബി.റ്റി. മുഖേന) സംസ്ഥാന സർക്കാർ വിതരണം ചെയ്തുവരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിര ശക്തിക്ക് അനുസരിച്ച് 10 HP വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150 ലിറ്റർ 15 HP യ്ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി മണ്ണെണ്ണ ലഭ്യമാക്കുന്നത്.

**3. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ .**

പരമ്പരാഗത മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർദ്ധനയുമാണ്. സംസ്ഥാനങ്ങളുടെ ആവശ്യകതയ്ക്കനുസരി ച്ചുള്ള മണ്ണെണ്ണ അനുവദിക്കുന്നതും, വില നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയങ്ങളാണ്. പൊതു വിതരണ ശൃംഖല വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണ പൂർണ്ണമായും മത്സ്യബന്ധനമേഖലയ്ക്ക് അന്യമാകുകയും സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യത യഥാർത്ഥ ആവശ്യകതയുടെ പത്തിലൊന്നായി ചുരുങ്ങുകയും വില കുതിച്ചുയരുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് മൂലം മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വലിയ കുറവുണ്ടാകുകയും പരമ്പരാഗത മത്സ്യബന്ധനമേഖലയാകെ ആശങ്ക യിലാകുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യം മറികടക്കുന്നതിന് മണ്ണെണ്ണയ്ക്ക് പകരം LPG, പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യ ബന്ധനമേഖലയിൽ പരിചയപ്പെടുത്തു കയും വ്യാപകമാക്കുകയും ചെയ്യുന്നതിന് വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ LPG ഉപയോഗിച്ച് പ്രവർത്തിപ്പി ക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി സർക്കാരിലേയ്ക്ക് 7 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് LPG കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകര മാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. തുടർന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023 ന് LPG കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു.

പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം സർക്കാരിലേക്ക് 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിനു ഭരണാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള മെർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ ഓഫീസർ ചെയർമാനായി പദ്ധതി നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ, കിറ്റിന്റെ സ്പെസിഫിക്കേഷൻ, നിർബന്ധിത സർട്ടിഫിക്കറ്റുകൾ എന്നിവ അന്തിമമാക്കു ന്നതിന് ഒരു സാങ്കേതിക സമിതി രൂപീകരിച്ചു, പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

“Subsidy for Motorizing Crafts with Petrol OBMs 2023-24” പദ്ധതിക്കായി 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആകെ അടങ്കൽ തുകയുടെ 50% സർക്കാർ വിഹിതവും (500 ലക്ഷം) 50% ഗുണഭോക്തൃ വിഹിതമായും (500 ലക്ഷം) ആണ് പദ്ധതി നടപ്പിലാക്കുന്നത്. ആകെ 1000 എൻജിനുകൾക്കാണ്

50% സബ്സിഡി (പരമാവധി 50,000/- രൂപ) അനുവദിക്കുന്നത്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽപിജി ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

4. **മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം**

മത്സ്യബന്ധന ബോട്ടുകളെ ആധുനികവത്കരിക്കാൻ 10 കോടി രൂപയുടെ പദ്ധതി 2023-24 ബഡ്ജറ്റിൽ പ്രഖ്യാപി ച്ചിട്ടുണ്ട്. മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി ഘട്ടം ഘട്ടമായി മാറ്റുന്നതിന്/ നവീകരിക്കുന്നതിന് പദ്ധതി നിർദ്ദേശിക്കുന്നു.

സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി തടി നിർമ്മിത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതി പ്രകാരം 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും. യന്ത്രവൽകൃത ബോട്ടുകളിൽ ഇൻസുലേറ്റഡ് ഫിഷ് ഹോൾഡുകൾ, ഇൻസുലേറ്റഡ് ബെയ്റ്റ് ഹോൾഡുകൾ, സ്ലറി ഐസ് യൂണിറ്റുകൾ, ശുദ്ധജല ടാങ്ക്, ക്രൂ ക്യാബിൻ, മൾട്ടി പർപ്പസ്-മൾട്ടി ഡേ ഫിഷിംഗിനായി ടോയ്‌ലറ്റ് കമ്പാർട്ട്മെന്റ് എന്നിവ ഘടിപ്പിക്കുന്നതും ഘടകങ്ങളിൽ ഉൾപ്പെടുന്നു.

മത്സ്യബന്ധന യാനങ്ങളുടെ ആധുനിക വത്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള Mounted type GPS കൾ 863 VHF Marine Radio എന്നിവ വിതരണം ചെയ്തിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന GPS കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും സഹായിക്കുന്നു.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളി കളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി

ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി.**

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം കേട്ടു കൂടാതെ സൂക്ഷിക്കുന്നതിനും കേടാകാത്ത മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2024-25 വർഷത്തിൽ 801 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്തിട്ടുണ്ട്. 2025-26 വർഷത്തിൽ 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്യുന്നതിന് ഒരു കോടി രൂപ (75% സർക്കാർ വിഹിതവും 25% ഗുണഭോക്തൃ വിഹിതവും) വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതി തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി 504 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

**6. മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർമെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി**

തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിച്ച് വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം ഒഴിവാക്കുന്നതിനും ചെറുമത്സ്യങ്ങൾ വലകളിൽ അകപ്പെട്ട് മത്സ്യസമ്പത്ത് ശോഷിക്കുന്നത് തടയുന്നതിലേക്കുമായി കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തതിന്റെ ഭാഗമായി ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും 2019-20 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു.

7. **പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും സുഗമവുമായ മത്സ്യബന്ധനം സാധ്യമാക്കുന്നതിലേക്കായി ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി, കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ എന്നിവ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ 66 എക്കോസൗണ്ടറുകൾ, 1132 എണ്ണം ലൈഫ്ബോയെകൾ, 64 DAT കൾ 2295 Hand held type GPS കൾ, 1473 Mounting type GPSകൾ എന്നിവ മത്സ്യത്തൊഴിലാളി കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ISRO യുടെ സാങ്കേതിക സഹായ ത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെ ത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സർക്കാർ സബ്സിഡി യോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**8. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് കവറേജ്.**

മത്സ്യ ബന്ധനത്തിനിടെയുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് മത്സ്യബന്ധന യാനങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിലേക്കായി 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ 2024-25 വരെ 15.75 കോടി രൂപ ചെലവിൽ ആകെ 15,146 യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**9. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRP യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.**

പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴി ലാളികൾക്ക് 100 വീതം FRP യാനങ്ങൾ, (എൻജിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമായിരുന്നു. ആയതു നടപ്പിലാക്കി വരുന്നു.

**10. മത്സ്യത്തൊഴിലാളികൾക്ക് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി.**

ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും, കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും, അല്ലാതെ ടിയാനങ്ങൾ കടലിൽ വെച്ച് അപകടത്തിൽപ്പെടുമ്പോഴും യഥാസമയം വിവര കൈമാറ്റം സാധ്യമല്ലാത്ത സാഹചര്യം രാജ്യത്തുടനീളം നിലനിൽക്കുന്നു. ഇതിൽ പല യാനങ്ങളും മൂന്ന് മുതൽ ഒരു മാസം വരെ നീളുന്ന മത്സ്യബന്ധനത്തിൽ (Multi day fishing) ഏർപ്പെടുന്നവയാണ്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റു രാജ്യങ്ങളുടെ സൈന്യത്തിന്റെ പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യവും പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങൾ മറികടക്കുന്നതിന് PMMSY-ൽ ഉൾപ്പെടുത്തി 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും വകയിരുത്തി ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 6622 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലും (Motorised Mechanised) 9591 മോട്ടോറൈസ്ഡ് (Motorised Non mechanised) മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതിയാണിത്. വൈദ്യുതി സൗകര്യമുള്ള (ബാറ്ററി ഘടിപ്പിച്ച) യാനങ്ങളിൽ മാത്രമേ ട്രാൻസ്പോണ്ടർ ഘടിപ്പിക്കാൻ കഴിയുകയുള്ളു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാന ഫിഷറീസ് വകുപ്പ് ഭൗതിക പരിശോധന നടത്തിയിട്ടുള്ള 3352 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും 2648 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധനയാനങ്ങളിലുമുൾപ്പെടെ ആകെ 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി

കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 13.104 കോടി രൂപ കേന്ദ്ര വിഹിതവും 8.736 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 21.84 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി ആകെ 1432 യന്ത്രവതികരണ മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്.

**<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡ് വഴി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ. സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ. എഫ്.ഡി.പി)

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ. ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ, കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി)/ എന്നി ദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായ ത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

a. ടേം വായ്പകൾ

b. മൈക്രോഫിനാൻസ് വായ്പ

c. മത്സ്യത്തൊഴിലാളി വനിതകൾക്ക്

മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

4. വലകൾക്കുള്ള സബ്സിഡി പദ്ധതി

5. നാടൻ വള്ളങ്ങളുടെ നവീകരണം

6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

8. ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)

9. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി

10. മത്സ്യത്തൊഴിലാളി ക്ഷേമനിധി

11. മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

12. മത്സ്യവിപണനം

13. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ഫൈബർ ഗ്ലാസ്, വള്ളങ്ങൾ, വല, എഞ്ചിൻ എന്നിവയുടെ വിതരണം.

14.പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളുടെ വിതരണം.

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2025-26 പദ്ധതി പ്രകാരം 509/-രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചിലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/-രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. (പരമാവധി 10 ലക്ഷം).

**വിദ്യാഭ്യാസ അവാർഡ് 'മികവ്'**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും സ്മരണികയും) നൽകി വരുന്നു.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

മത്സ്യമേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി, മത്സ്യബോർഡിൽ അംഗത്വമുള്ള, മത്സ്യത്തൊഴിലാളികൾക്ക് 16- ഉം, അനുബന്ധത്തൊഴിലാളികൾക്കായി 15-ഉം ക്ഷേമപദ്ധതികളും, 2 പ്രത്യേക പദ്ധതികളും, മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കുമായി 14 പുതിയ പദ്ധതികളും മത്സ്യ ബോർഡ് നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം VI ആയി ചേർക്കുന്നു.

**പ്രത്യേക പദ്ധതികൾ**

**തണൽ**

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സാഹയ പദ്ധതിയാണ് തണൽ. ഫിഷറീസ് – തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽഎൻറോൾ ചെയ്ത മത്സ്യത്തൊഴിലാളി കൾക്കും , അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

**സാന്ത്വനതീരം**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും, പെൻഷണർ മാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/ കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം VII ആയി ചേർക്കുന്നു.

**മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി കൾക്കുള്ള പുതിയ പദ്ധതികൾ**

**1. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായിധനസഹായം നൽകുന്ന പദ്ധതി**

MBBS, BDS, BAMS, BHMS,പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോപോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**2. ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും/ ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി**

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാ കാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ട മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ **18** വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി **25000** രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**3. ഗ്രന്ഥശാല/വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി**

ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതി യാണിത്. പ്രസ്തുത പദ്ധതിക്കായി, ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്ക പ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു.

**4. മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ**

പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും, അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ

അറിയിക്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്ന തിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്.

**5. <u>മത്സ്യ അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി</u>**

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും, ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ,അനുബന്ധത്തൊഴിലാളി സമൂഹത്തിൽ എത്തിക്കുന്ന തിനും മത്സ്യ, അനുബന്ധത്തൊഴിലാളികളിൽ ആയത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഓരോ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവിന് അനുവദിയ്ക്കുന്നു.

**6. <u>മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി</u>**

അപകടങ്ങളിൽപെടുന്ന യാനങ്ങൾക്കും അവയിലെ ഉപകരണങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി മത്സ്യബന്ധന യാനങ്ങൾക്കും, വല തുടങ്ങിയ മത്സ്യ ബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**7. <u>കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി</u>**

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർപരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**8. <u>അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചിലവിനായി ധനസഹായം നൽകുന്ന പദ്ധതി</u>**

ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾ യാത്രാചിലവിനത്തിൽ വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യത മൂലം ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങൾ ശ്രദ്ധയിൽപെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം പ്രതിഭകൾക്ക് യാത്രാചിലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കയിക പ്രതിഭകളുടെ യാത്രാച്ചിലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**9. അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം**

മത്സ്യബന്ധനത്തിൽ / അനുബന്ധ ത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൌകര്യം ഏർപ്പെടുത്തുന്ന തിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

**10. 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി**

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ഫിഷറീസ് ഓഫീസിനും പദ്ധതി നടത്തിപ്പിനായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതാണ്.

**11. പ്രതിഭകളെ ആദരിക്കുന്ന പദ്ധതി**

കലാ, വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

12.**ചെയർമാന്റെ ദുരിതാശ്വാസ നിധി**

| | | | |
|---|---|---|---|
| | | | അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ് ചെയർമാൻ അനുവദിക്കുന്ന അടിയന്തിര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.<br><br>**13. <u>ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.</u>**<br><br>ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൌകര്യങ്ങൾ ഏർപ്പെടുത്തു ന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.<br><br>**<u>14. യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്ന് ,രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി</u>**<br><br>ക്ഷേമനിധി അംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അവരെ സാമ്പത്തിക ഭദ്രതയുള്ളവരാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസപരമായ മുന്നേറ്റം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണിത്<br><br>ഈ പദ്ധതി പ്രകാരംയൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന വർക്ക് 10,000/- രൂപയും, രണ്ടാം റാങ്ക് നേടുന്നവർക്ക് 9000/- രൂപയും മൂന്നാം റാങ്ക് നേടുന്നവർക്ക് 8000/- രൂപയും നൽകുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി കളുടെയും പ്രവൃത്തികളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം VIII ആയി ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പ് മുഖേന കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ വിവിധ പദ്ധതികളിലായി 1978 ഗുണഭോക്താക്കൾക്ക് 403.8144 ലക്ഷം രൂപയും 673.69 ലക്ഷം ഉൾപ്പടെ ആകെ 4594 |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് 1077.5044 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>മേൽ പദ്ധതികൾ കൂടാതെ 2023-24 വർഷത്തിൽ ഒരു ഗുണഭോക്താവിന് സാറ്റലൈറ്റ് ഫോണും, മൂന്ന് ഗുണഭോക്താക്കൾക്ക് VHF മറൈൻ റേഡിയോയും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ 10 ഗുണഭോക്താക്കൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സ് വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ 16 ഗുണഭോക്താക്കൾക്ക് സ്ക്വയർ മേഷ് കോഡെന്റ് വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ 2 FRP ബോട്ട് വിതരണം ചെയ്തിട്ടുണ്ട്. തടി കൊണ്ടുള്ള യന്ത്രവത്കൃത മത്സ്യബന്ധനയാനം സ്റ്റീൽ ആക്കുന്ന പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 3 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ 30 ലക്ഷം രൂപ വീതമുള്ള യന്ത്രവത്കൃത മത്സ്യബന്ധന യാനം വിതരണം ചെയ്തിട്ടുണ്ട്. വെള്ളയിൽ മത്സ്യഭവനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പിഡബ്ല്യുഡി മുഖേന തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മത്സ്യബോർഡ് /മത്സ്യഫെഡ് നടപ്പിലാക്കുന്ന മുഴുവൻ ക്ഷേമപദ്ധതികളും കോഴിക്കോട് നോർത്ത് മണ്ഡലത്തിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; എത്ര തുക ഏതെല്ലാം പദ്ധതികൾക്ക് വിനിയോഗിച്ചു; വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി വിവാഹ ധനസഹായം – 14,10,000/-<br>2. മത്സ്യത്തൊഴിലാളി/ അനുബന്ധ ത്തൊഴിലാളി മരണാനന്തര ധനസഹായം – 2,25,000/-<br>3. മത്സ്യത്തൊഴിലാളി/ അനുബന്ധ ത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ & വിധവാ പെൻഷൻ-4,80,00,000/-<br>4. മത്സ്യബന്ധനത്തിനിടെ ആകസ്മിക മരണം സംഭവിച്ചാൽ നൽകുന്ന ധനസഹായം - 4,50,000/-<br>5. അപകട മരണം/ കാണാതാകൽ/ അവശത ഇൻഷ്വറൻസ് ധനസഹായം -50,00,000/-<br>6. എസ്.എസ്.എൽസി, ഹയർസെക്കൻഡറി പരീക്ഷയിൽ ഉന്നത വിജയംനേടിയവർക്കുള്ള ക്യാഷ് അവാർഡ് -85,000/- |

| | | | |
|---|---|---|---|
| | | | 7. മാരകരോഗ ചികിൽസാ ധനസഹായം- 9,53,315/- |
| (ഡി) | ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്? | (ഡി) | നിലവിൽ നടപ്പിലാക്കുന്ന പദ്ധതി കളോടൊപ്പം അതതവസരങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശ മേഖലകളിൽ പാർപ്പിടം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

### പാർപ്പിട പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | 192 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം, മുട്ടത്തറ, തിരുവനന്തപുരം | 1880.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | 128 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം, കാരോട്, തിരുവനന്തപുരം | 1280.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | 114 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം, ക്യുഎസ്എസ് കോളനി, കൊല്ലം | 1140.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | 204 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം, മണ്ണുംപുറം, ആലപ്പുഴ | 2040.00 | പദ്ധതി പുരോഗമിക്കുന്നു |
| 5 | 80 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം, വെസ്റ്റ് ഹിൽ, കോഴിക്കോട് | 1354.00 | പദ്ധതി പുരോഗമിക്കുന്നു |
| 6 | എജെ കോംപ്ലക്സ്, പുതുക്കുറിച്ചി, തിരുവനന്തപുരം – പുനർനിർമ്മാണം | 80.00 | ഭരണാനുമതി ലഭ്യമായി, പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചുവരുന്നു |
| 7 | പൂക്കുളം സുനാമി കോളനി, കൊല്ലം – പുനർനിർമ്മാണം | 160.00 | |
| 8 | 168 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം, കടകംപള്ളി | 37.62 | |

### ശുചിത്വ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചമ്പാവ് ഫിഷറീസ് കോളനി, ഡ്രെയിനേജ് നിർമ്മാണം | 55.00 | പദ്ധതി പൂർത്തീകരിച്ചു |

**അനുബന്ധം – II**

**പാർപ്പിട ശുചിത്വ പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| | **ചെല്ലാനം മത്സ്യഗ്രാമം, എറണാകുളം** | |
| 1 | പബ്ലിക് ടോയ്ലറ്റ് നിർമ്മാണം, ചെല്ലാനം ഹാർബർ പരിസരം | 140.40 |
| | **നായരമ്പലം മത്സ്യഗ്രാമം, എറണാകുളം** | |
| 1 | പബ്ലിക് ടോയ്ലറ്റ് നിർമ്മാണം, പുത്തൻകടപ്പുറം ഫിഷ് ലാന്റിംഗ് സെന്റർ പരിസരം | 23.80 |
| 2 | പബ്ലിക് ടോയ്ലറ്റ് നിർമ്മാണം, നായരമ്പലം ഫിഷ് ലാന്റിംഗ് സെന്റർ പരിസരം | 50.00 |
| | **താനൂർ മത്സ്യഗ്രാമം, മലപ്പുറം** | |
| 1 | 36 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനർനിർമ്മാണം | 72.00 |
| | **പൊന്നാനി മത്സ്യഗ്രാമം, മലപ്പുറം** | |
| 1 | 40 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനർനിർമ്മാണം | 80.00 |
| | **ചാലിൽ ഗോപാൽപേട്ട മത്സ്യഗ്രാമം, കണ്ണൂർ** | |
| 1 | കമ്മ്യൂണിറ്റി ടോയ്ലറ്റ് ബ്ലോക്ക് – ചാലിൽ ഗോപാൽപേട്ട ഫിഷ് ലാന്റിംഗ് സെന്റർ പരിസരം | 40.00 |
| 2 | നായനാർ ഫിഷർമെൻ കോളനി സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം | 28.00 |
| 3 | കെഇസി ഫിഷർമെൻ കോളനി സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം | 21.00 |
| | **ഷിറിയ മത്സ്യഗ്രാമം, കാസർഗോഡ്** | |
| 1 | പബ്ലിക് ടോയ്ലറ്റ് നിർമ്മാണം, മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പരിസരം | 35.00 |

## അനുബന്ധം – III

## ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ

| ഫ്ലാറ്റ് | എണ്ണം |
|---|---|
| കാരോട് | 128 |
| ബീമാപള്ളി | 20 |
| മുട്ടത്തറ | 332 |
| QSS കോളനി | 114 |
| പൊന്നാനി | 128 |
| ഉണ്ണ്യാൽ | 16 |
| **ആകെ** | **738** |

## അനുബന്ധം – IV

## നിർമ്മാണത്തിലുള്ള ഫ്ലാറ്റുകൾ

| ഭവന സമുച്ചയം | ജില്ല | എണ്ണം | ഭരണാനുമതി തുക (തുക കോടി) | |
|---|---|---|---|---|
| മണ്ണുംപുറം | ആലപ്പുഴ | 204 | 25.03 | |
| മുട്ടത്തറ | തിരുവനന്തപുരം | 68 (81 കോടി രൂപയുടെ ഭരണാനുമതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ളവ) | 81 | |
| വെസ്റ്റ്ഹിൽ | കോഴിക്കോട് | 80 | 14.27 | |
| പൊന്നാനി | മലപ്പുറം | 100 | 14.33 | |
| കോയിപ്പാടി | കാസർഗോഡ് | 144 | 23.20 | |
| കടകംപള്ളി | തിരുവനന്തപുരം | 168 | 37.62 | |
| സെന്റ് ആന്റണീസ്, വലിയതുറ | തിരുവനന്തപുരം | 24 | 5.74 | |
| **ആകെ** | | **788** | **201.19** | |

## അനുബന്ധം – V

### CMDRF

| വർഷം | അനുവദിച്ച തുക | ആകെ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 2,00,00,00,000 | 2,50,00,00,000 | 2,50,00,00,000 |
| 2020-21 | 0 | | |
| 2021-22 | 50,00,00,000 | | |

### ബഡ്ജറ്റ് വിഹിതം

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2022-23 | 83,75,00,000 | 83,72,62,752 |
| 2023-24 | 30,00,00,000 | 29,97,97,493 |
| 2024-25 | 69,66,00,000 | 69,65,92,750 |
| 2025-26 | 60,00,00,000 | 16,13,67,335 |
| **Total** | **2,43,41,00,000** | **1,99,50,20,330** |

## അനുബന്ധം – VI

## മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | 10,00,000/- |
| 2 | മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി. | 1,00,000/-<br><br>(50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു.) |
| 3 | വിവാഹ ധനസഹായ പദ്ധതി | 25,000/-<br><br>(10,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിച്ചു) |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 2,000/- ( 600/- രൂപയിൽ നിന്നും 2,000/- രൂപയായി വർദ്ധിപ്പിച്ചു) |
| 5 | വാർദ്ധക്യകാല പെൻഷൻ | 1,600/- / Month |
| 6 | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്കുള്ള ധനസഹായ പദ്ധതി | 500/- |
| 7 | മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15,000/- |
| 8 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5,000/-<br><br>(പരമാവധി) |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗ ചികിൽസാ പദ്ധതി | 50,000/- |

| | | |
|---|---|---|
| | | (പരമാവധി) |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000/-(പരമാവധി) |
| 12 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- |
| 13 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി. ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം. | 5,000/-<br>(പരമാവധി) |
| 14 | വിധവ പെൻഷൻ | 1,600/- / Month |
| 15 | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി | 1,000/- മുതൽ 10,000/- വരെയാണ്. |
| 16 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ്<br>തീരുമാന പ്രകാരം |

**അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പരമാവധി ധനസഹായ തുക ( രൂപ) |
|---|---|---|
| 1 | അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | 10,00,000/- |
| 2 | വാർദ്ധക്യകാല പെൻഷൻ | 1,600/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് | 15,000/- |

| | | |
|---|---|---|
| | ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | |
| 4 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- |
| 5 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5,000/- |
| 6 | മാരകരോഗ ചികിൽസാ പദ്ധതി | 25,000/- |
| 7 | അനുബന്ധത്തൊഴിലാളികളുടെ മക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി (അനുബന്ധ തൊഴിലാളികളുടെ 2 പെൺമക്കൾക്ക്) | 25,000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി . ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം | 5,000/- |
| 10 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാന പ്രകാരം |
| 11 | തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണം കൊണ്ട് ഉണ്ടാകുന്ന മരണം | 1,00,000/- |
| 12 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ച ചെലവിനുള്ള ധന സഹായം | 2000/- |
| 13 | അപകടം മൂലം ഉണ്ടാകുന്ന താൽക്കാലിക അവശത | 500/- |
| 14 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |

| | | |
|---|---|---|
| 15 | കായിക വിനോദ മത്സരങ്ങളിൽ വിജയം നേടിയവർക്ക് പ്രോത്സാഹന പദ്ധതി | 10,000/- |

## അനുബന്ധം – VII

## സാന്ത്വന തീരം പദ്ധതിയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക (മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, പെൻഷണർ) |
|---|---|---|
| | | പ്രതിവർഷം പരമാവധി തുക (രൂപ) |
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/- |
| 3 | കരൾരോഗം | 20,000/- |
| 4 | കാൻസർ | 50,000/- |
| 5 | കണ്ണ് ചികിൽസ | 25,000/- |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പരോഗം | 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- |
| 8 | ഓട്ടിസം ചികിൽസ (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയു ം മക്കൾക്ക്) | 10,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി ) | 10,000/- |

**അനുബന്ധം – VIII**

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ

| ക്ര. നം. | പദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) | | | | | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| | | | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | |
| 1 | പുനർഗേഹം | 21 | 20 | 49.73 | 83.56 | 21.2 | 10.77 | 185.26 |
| 2 | ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം (2016-17) ഭവന നിർമ്മാണ ധനസഹായം (2017-18) ബി.ഐ.എഫ് & എച്ച്.ഡി.എഫ്. (BIF HDF Landless Homeless Housing Scheme 2016-17 (Land) & House (2017-18 | 7 | 22 | 3 | | | | 25 |
| 3 | ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും അനുവദിക്കുന്ന പദ്ധതി 2017-18 ബി.ഐ.എഫ് & എച്ച്.ഡി.എഫ്. (BIF & HDF Landless Homeless Housing Scheme 2017-18) | 3 | 4 | 1.5 | | | | 5.5 |
| 4 | സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി | 9 | 4.14 | 2.2 | 0.94 | 3.5 | | 10.78 |
| 5 | PMMSY – മത്സ്യകൃഷി | 6 | 4.06 | 1.61 | 5.75 | – | – | 11.42 |
| 6 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം | 1657 | 24.56 | 29.51 | 90.25 | 7.68 | 4.23 | 156.23 |
| 7 | പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ | 275 | 0.5294 | 5.67 | 1.54 | 1.885 | – | 9.6244 |
| | ആകെ | 1978 | 79.2894 | 93.22 | 182.04 | 34.265 | 15 | 403.8144 |

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | | | | | ആകെ തുക (ലക്ഷത്തി |
|---|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | |

| . | | എണ്ണ ം | തുക | എണ്ണ ം | തുക | എണ്ണ ം | തുക | എണ്ണ ം | തുക | എണ്ണ ം | തുക | ൽ) |
|---|---|---|---|---|---|---|---|---|---|---|---|---|
| 8 | സമ്പാദ്യ സമാശ്വാ സ പദ്ധതി | 4594 | 97.425 | 4588 | 98.325 | 5337 | 221.55 | 4947 | 204.27 | 3673 | 52.12 | 673.69 |